**പതിനാലാം കേരള നിയമസഭ**
**<u>പത്താം സമ്മേളനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 6070**
**02.03.2018 ൽ മറുപടിക്ക്**

**ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ പണം അടയ്ക്കാൻ പ്രത്യേക അനുമതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പ്രൊഫ ആബിദ് ഹുസൈൻ തങ്ങൾ** | | **ഡോ.റ്റി.എം. തോമസ് ഐസക്ക്**<br>**ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| എ) | മലപ്പുറം, വി.പി.എ.യു.പി.സ്കൂളിലെ അറബിക് അദ്ധ്യാപകൻ അബൂബക്കർ 1994 മുതൽ 2002 വരെയുള്ള കാലയളവിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ പണം അടയ്ക്കാത്തതിനെ തുടർന്ന് പ്രത്യേക അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ എടുത്ത നടപടികൾ വിശദമാക്കുമോ; | ഗ്രൂപ്പ് ഇൻഷ്വറൻസ് അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷ 22.02.2018 -ലെ സ.ഉ (സാധാ) നം.1342/2018/ധന പ്രകാരം അനുവദിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| ബി) | ഇത് സംബന്ധിച്ച് മലപ്പുറം ജില്ല ഇൻഷ്വറൻസ് ഓഫീസർ 24.11.2017-ന് ധനകാര്യ വകുപ്പിന് അയച്ച കത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | 24-11-2017 തീയതിയിൽ ജി.ഇ.ഒ/ എം.പി.എം/ഗ്രൂപ്പ്/എം2/080/17 പ്രകാരം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ശുപാർശ ചെയ്ത് സമർപ്പിച്ച അപേക്ഷ പരിശോധിച്ച ശേഷം ഗ്രൂപ്പ് ഇൻഷ്വറൻസ് അംഗത്വം പുതുക്കുന്നതിനുള്ള അനുമതി 22/02/2018 ലെ സ.ഉ (സാധാ) നം.1342/2018/ധന പ്രകാരം നൽകിയിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.) |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം - **ശ്രീ.കെ. അബൂബക്കർ, അറബിക് ടീച്ചർ, വി.പി.എ.യു.പി.എസ്.വെണ്ടല്ലൂർ, മലപ്പുറം** - അംഗത്വം പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ജി.ഐ.എസ്) വകുപ്പ്**

**സ.ഉ.(സാധാ) നം.1342/2018/ധന.** **തീയതി, തിരുവനന്തപുരം, 22/02/2018.**

പരാമർശം:-
1) 08/07/1985-ലെ സ.ഉ.(പി) നം.371/85/ധന ഉത്തരവ്.
2) 21/04/2010-ലെ സ.ഉ.(പി) നം.249/10/ധന ഉത്തരവ്.
3) 04/11/2015-ലെ സ.ഉ.(പി) നം.505/15/ധന ഉത്തരവ്.
4) 31/07/1996 ലെ സ.ഉ.(സാധാ) നം.2507/1996/ജി.ഇ.
5) മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ 24/11/2017 തീയതിയിലെ ജി.ഇ.6/എം.പി.എം/ഗ്രൂപ്പ്/എം2/080/17 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ 09/1989 മുതൽ അംഗത്വം നേടിയ **മലപ്പുറം വെണ്ടല്ലൂർ വി.പി.എ.യു.പി.എസ്.ലെ അറബിക് ടീച്ചർ, ശ്രീ.കെ. അബൂബക്കർ** 08/1994 മുതൽ 08/2002 വരെ ശൂന്യവേതനാവധിയിലായിരുന്നതിനാൽ ജി.ഐ.എസ് വരിസംഖ്യ മുടങ്ങുകയും അംഗത്വം നഷ്ടപ്പെടുകയും ചെയ്തതായി പരാമർശം (5) പ്രകാരം മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മുടങ്ങിപ്പോയ കാലയളവിലെ വരിസംഖ്യ പലിശ സഹിതം അടച്ച് അംഗത്വം പുതുക്കുന്നതിന് അനുമതി നൽകണമെന്ന് ടിയാൻ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും **മലപ്പുറം വെണ്ടല്ലൂർ വി.പി.എ.യു.പി.എസ്.ലെ അറബിക് ടീച്ചർ, ശ്രീ.കെ. അബൂബക്കറിന്റെ** 09/1994 മുതൽ 07/2002 വരെ മുടങ്ങിപ്പോയ ജി.ഐ.എസ് വരിസംഖ്യ 09/1994 മുതൽ 08/1995 വരെ 11% ത്രൈമാസ കൂട്ടുപലിശ നിരക്കിലും, 09/1995 മുതൽ 12/2000 വരെ 12% ത്രൈമാസ കൂട്ടുപലിശ നിരക്കിലും, 01/2001 മുതൽ 07/2002 വരെ 9% ത്രൈമാസ കൂട്ടുപലിശ നിരക്കിലും ആകെ മൂന്നിൽ കവിയാത്ത തവണകളായി ഈടാക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അനുമതി നൽകിയും സർക്കാർ അനുമതി കൂടാതെ വരിസംഖ്യ ഈടാക്കിയതിനു സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വൈ.എസ്.ശ്രീനാരായണ ദേവ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ഇൻഷ്വറൻസ് ഡയറക്ടർ, ഇൻഷ്വറൻസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, മലപ്പുറം.
ഹെഡ്മാസ്റ്റർ, വി.പി.എ.യു.പി.എസ്.വെണ്ടല്ലൂർ, ഇരിമ്പിളിയം, വളാഞ്ചേരി, മലപ്പുറം.
ശ്രീ.കെ. അബൂബക്കർ, അറബിക് ടീച്ചർ, വി.പി.എ.യു.പി.എസ്.വെണ്ടല്ലൂർ, ഇരിമ്പിളിയം, വളാഞ്ചേരി, മലപ്പുറം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (GIS-3/6/2018-FIN)

**ഉത്തരവിൻ പ്രകാരം**

True Copy

**സെക്ഷൻ ഓഫീസർ**